**കേരള സർക്കാർ**

**'ഭരണഭാഷ – മാതൃഭാഷ'**

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:**06/12/2021**

നം : DFTVM/2128/2021–F3

ഇ–മെയിൽ :fisheriesdirector@gmail.com

## സർക്കുലർ നമ്പർ 5/2021

വിഷയം : – ഫിഷറീസ്– ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളിൽ വാർഷിക പൊതുയോഗം ചേരുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന : – ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ / ഫിഷറീസ് ഡയറക്ടറുടെ 24.10.2008 ലെ എഫ്3/16714/08 നമ്പർ സർക്കുലർ.

ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വാർഷിക പൊതുയോഗം ചേർന്ന് ബഡ്ജറ്റ്, വരവ് ചെലവ് കണക്കുകൾ മുതലായവ അംഗീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സൂചന സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. സഹകരണ സംഘം നിയമത്തിൽ 2014 ൽ വരുത്തിയ ഭേദഗതി (2014 ലെ 24 നമ്പർ നിയമം) പ്രകാരവും ചട്ടത്തിൽ 26.11.2014 ലെ എസ്.ആർ.ഒ. നം.733/2014 പ്രകാരവും വന്ന ഭേദഗതികൾ അനുസരിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1969 ലെ കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും അനുസരിച്ച് (വകുപ്പ് 29) സംഘങ്ങളുടെ പൊതുയോഗം സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം വിളിച്ച് ചേർക്കേണ്ടതാണ്.
2. പൊതുയോഗം ചേരുന്നതിന് മുന്നോടിയായി ഭരണസമിതി ചേരേണ്ടതും പൊതുയോഗത്തിൽ സമർപ്പിക്കേണ്ട, ബൈലോ പ്രകാരവും നിയമാനുസൃതവുമായുള്ള എല്ലാ വാർഷിക കണക്കുകളും, രേഖകളും (പൊതുയോഗ അജണ്ടകൾ, ബൈലോ ഭേദഗതികൾ, പ്രമേയങ്ങൾ അംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന തീയതിയും) ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ പൊതുയോഗ തീയതി, സമയം, സ്ഥലം എന്നിവയും തീരുമാനിക്കേണ്ടതാണ്.
3. പൊതുയോഗ നോട്ടീസ് സ്ഥലം, തീയതി, സമയം ഉൾപ്പെടുത്തിയത് അജണ്ട

സഹിതം കുറഞ്ഞത് 15 പൂർണ്ണദിവസം മുമ്പ് (ചട്ടം 8 എ) അംഗങ്ങൾക്ക് നൽകേണ്ടതാണ്.

4. പൊതുയോഗ നോട്ടീസ് (ചട്ടം 9 പ്രകാരം) 500 അംഗങ്ങളിൽ കവിയാത്ത സംഘങ്ങൾ അംഗങ്ങൾക്ക് നേരിട്ട് നൽകി ഒപ്പ വാങ്ങുകയോ, രജിസ്റ്റേഡ് തപാലിലോ അംഗീകൃത കൊറിയർ സർവ്വീസ് വഴിയോ നൽകേണ്ടതും, 500 അംഗങ്ങളിൽ കൂടുതലുള്ള സംഘങ്ങൾ പ്രവർത്തനപരിധിയിൽ പ്രചുരപ്രചാരമുള്ള രണ്ട് സ്വഭാഷാ ദിനപത്രങ്ങളിൽ പരസ്യം ചെയ്യും പൊതുയോഗം അംഗങ്ങളെ അറിയിക്കേണ്ടതാണ്. കൂടാതെ സംഘം ഓഫീസ് നോട്ടീസ് ബോർഡിലും, ജില്ലാ സഹകരണ ബാങ്ക് / കേരള ബാങ്ക് ശാഖയിലും പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, വില്ലേജ്/ ബ്ലോക്ക്/ താലൂക്ക് ഓഫീസ്, അസിസ്റ്റൻറ് ഡയറക്ടർ (ഓഡിറ്റ്), അസിസ്റ്റൻറ് രജിസ്ട്രാർ (ഫിഷറീസ്), സർക്കിൾ സഹകരണ യൂണിയൻ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതിനായി നൽകേണ്ടതാണ്. എസ്.എം.എസ്., ഇ-മെയിൽ, പ്രാദേശിക ചാനലുകൾ വഴിയും സംഘം പ്രവർത്തന പരിധിയിൽ ബാനർ സ്ഥാപിച്ചും പ്രചാരണം നടത്തണം. കൂടാതെ മത്സ്യത്തൊഴിലാളികൾ കൂട്ടമായി എത്തിച്ചേരുന്ന ക്ഷേമനിധി ബോർഡ്, മത്സ്യഭവനുകൾ എന്നീ ഓഫീസിലെ നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുന്നതിനായി നൽകേണ്ടതാണ്.
5. പൊതുയോഗ നോട്ടീസിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 29(1) ൽ എ മുതൽ ഇ വരെയുള്ള അജണ്ടകൾ നിർബന്ധമായും ഉണ്ടായിരിക്കണം. ബൈലോ ഭേദഗതി ഉണ്ടെങ്കിൽ ബൈലോ നിലവിലുള്ളത്, ഭേദഗതി, ന്യായീകരണം എന്നിവ നോട്ടീസിനൊപ്പം ഉൾപ്പെടുത്തിയിരിക്കണം.
6. വകുപ്പ് 28(2) പ്രകാരം പൊതുയോഗത്തിൽ തജിസ്ട്രാർക്കോ, രജിസ്ട്രാരുടെ പ്രതിനിധിക്കോ പങ്കെടുക്കുന്നതിന് അധികാരമുണ്ട്. ആയതിനാൽ എല്ലാ ഫിഷറീസ് സഹകരണ ഇൻസ്പെക്ടർമാരും രജിസ്ട്രാരുടെ പ്രതിനിധിയെന്ന നിലക്ക് തങ്ങളുടെ ചുമതലയിലുള്ള എല്ലാ സഹകരണ സംഘങ്ങളുടെ പൊതുയോഗങ്ങളിലും, ആവശ്യമായ സാഹചര്യത്തിൽ ഭരണസമിതി യോഗങ്ങളിലും പങ്കെടുക്കേണ്ടതും യോഗം നിയമാനുസൃതമാണോ എന്ന് നിരീക്ഷിക്കേണ്ടതും രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
7. പൊതുയോഗത്തിന് സഹകരണ നിയമത്തിലും, സംഘം ബൈലോയിലും വ്യവസ്ഥ ചെയ്യുന്നത് പ്രകാരമുള്ള ക്വാറം ഉണ്ടായിരിക്കണം.
8. പൊതുയോഗ മിനുട്സിൽ യോഗത്തിൽ പങ്കെടുക്കുന്നവരുടെ പേരും, മെമ്പർ നമ്പരും, ഒപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
9. പൊതുയോഗ നോട്ടീസിൽ പറഞ്ഞപ്രകാരമുള്ള ഓരോ അജണ്ടയും ക്രമ പ്രകാരം എടുത്ത് ചർച്ച ചെയ്ത് തീരുമാനിച്ചതായി മിനുട്സിൽ രേഖപ്പെടുത്തണം. ഓരോ തീരുമാനത്തിനും നമ്പർ രേഖപ്പെടുത്തിയിരിക്കണം.
10. വാർഷിക കണക്കുകളായ കഴിഞ്ഞ വർഷത്തെ വരവ് ചെലവ് കണക്ക്, വ്യാപാര അക്കൗണ്ട്, ലാഭനഷ്ട കണക്ക്, ബാലൻസ് ഷീറ്റ്, പ്രവർത്തന റിപ്പോർട്ട് ഉൾപ്പെടെ പൂർണ്ണമായി മിനുട്സിൽ രേഖപ്പെടുത്തി അംഗീകരിച്ചതായി തീരുമാനിക്കണം. മേൽ റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കുവാൻ തീരുമാനിക്കണം.
11. വാർഷിക കണക്കുകൾ വിലയിരുത്തി സംഘത്തിന്റെ ലാഭനഷ്ടം കണക്കാക്കി